പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1139. 06.06.2018 -ലെ മറുപടിക്ക്.

## സർക്കാരിന്റെ തൊഴിൽ നയം

ചോദ്യം മറുപടി

ശ്രീ.സണ്ണി ജോസഫ്

ശ്രീ. ടി.പി.രാമകൃഷ്ണൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ തൊഴിൽ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; | (ബി) | തൊഴിൽ നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക -അനദ്ധ്യാപക ജീവനക്കാർക്ക് മിനിമം വേതനം നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (സി) | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം നടപ്പിലാക്കിയിട്ടില്ല. സംസ്ഥാനത്തെ അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ അധ്യാപർക്ക് മിനിമം വേതനം നടപ്പിലാക്കുന്നതിനായി കേരള പേയ്മെന്റ് ഓഫ് മിനിമം വേയ്ജസ് റ്റു റ്റീച്ചേഴ്സ് ഓഫ് അൺഎയ്ഡഡ് എഡ്യുക്കേഷണൽ ഇൻസ്റ്റിട്യൂഷൻ ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകൾ സംയോജിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ക്ഷേമനിധി ബോർഡുകളാണ് അപ്രകാരം സംയോജിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## തൊഴിൽ നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ

1. കാർഷികം, ഐ.ടി, മത്സ്യ സംസ്കരണം, നിർമ്മാണം, കച്ചവടം തുടങ്ങി കൂടുതൽ മേഖലകളിൽ വ്യവസായ ബന്ധസമിതി രൂപീകരിക്കും.
2. ഗാർഹിക തൊഴിലാളികളുടെ ജോലിക്കും സംരക്ഷണത്തിനുമായി പ്രത്യേക ലേബർ ബാങ്ക് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.
3. ചെയ്യാത്ത ജോലിക്ക് കൂലി വാങ്ങുന്നതായുള്ള പരാതി ഉയർന്നു വരുന്നുണ്ട്. ഇത് പൂർണമായി അവസാനിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിക്കും. ചുമട്ടുതൊഴിലാളികളുടെ കൂലി ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കും
4. തൊഴിലാളികളുടെ വേതനം ആധാറുമായി ബന്ധിപ്പിച്ച് വ്യക്തിഗത ബാങ്ക് അക്കൗണ്ടുകളിലൂടെ വിതരണം നടത്തുന്ന 'വേതന സുരക്ഷാ പദ്ധതി' സംസ്ഥാന വ്യാപകമായി നടപ്പാക്കും.
5. സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് "ക്രഷ് സെസ്" നടപ്പിൽ വരുത്തുകയും സാമൂഹ്യനീതി വകുപ്പുമായി സഹകരിച്ച് സാദ്ധ്യമാകുന്ന കേന്ദ്രങ്ങളിൽ ക്രഷ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യും. ഇവയുടെ കാലോചിതമായ പരിപാലനത്തിന് സംവിധാനങ്ങൾ നിർബന്ധമാക്കും.
6. സംസ്ഥാനത്ത് ബാലവേല നിർമ്മാർജ്ജനത്തിനും ബാല തൊഴിലാളി പുനരധിവാസത്തിനും സമഗ്രസംവിധാനം ഒരുക്കും. ഇതിലൂടെ സംസ്ഥാനത്തെ ബാലവേല വിമുക്ത സംസ്ഥാനമാക്കി മാറ്റും.
7. മിനിമം വേതനനിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുന്ന എല്ലാ വിഭാഗം തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പുവരുത്തും.
8. സംസ്ഥാനത്തെ മാറിയ സാഹചര്യങ്ങൾക്കനുസൃതമായി തൊഴിൽ നിയമങ്ങളിലും ചട്ടങ്ങളിലും ഉചിതമായ ഭേദഗതികൾ കൊണ്ടുവരും.
9. സമാനസ്വഭാവമുള്ള തൊഴിലാളി ക്ഷേമനിധി ബോർഡുകളെ അംഗത്വത്തിന്റെയും സാമ്പത്തികസ്ഥിതിയുടെയും അടിസ്ഥാനത്തിൽ സംയോജിപ്പിച്ച് ശാക്തികരിക്കും. ക്ഷേമനിധി ബോർഡുകളുടെ ഭരണച്ചെലവ് കുറച്ച് ആരോഗ്യം, പാർപ്പിടം, തുടങ്ങിയ പുതിയ മേഖലകളിൽ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്ന വിധത്തിൽ ക്ഷേമപദ്ധതികൾ പരിഷകരിക്കും.
10. ഇതര സംസ്ഥാന തൊഴിലാളികളുടെ (അതിഥി തൊഴിലാളികൾ) ആരോഗ്യം, സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പുവരുത്തുവാനും തൊഴിലാളികളുടെ വിവര ശേഖരണത്തിനുമായി ശക്തമായ ഇടപെടൽ നടത്തും.

11. പരമ്പരാഗത വ്യവസായങ്ങളുടെ നിലനിൽപ്പിനും പീഢിത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും വ്യവസായ വകുപ്പുമായി ചേർന്ന് കർമ്മപദ്ധതി നടപ്പിലാക്കും.
12. ഉൽപാദന ക്ഷമതയും പ്രഫഷണലിസവും പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ തൊഴിൽ മേഖലകളിൽ മികവ് പുലർത്തുന്നവർക്കായി തൊഴിലാളി ശ്രേഷ്ഠ അവാർഡ് ഏർപ്പെടുത്തും.

സെക്ഷൻ ഓഫീസർ